ഓണാഘോഷം

മേലൂർ: കേരള സ്റ്റേറ്റ് സർവീസ് പെൻഷനേഴ്സ് യൂണിയൻ മേലൂർ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഓണാഘോഷം നടത്തി. ചാലക്കുടി ബ്ലോക്ക് പ്രസിഡന്റ് എം.പി. ജോർജ് ഉദ്ഘാടനം ചെയ്തു. യൂണിറ്റ് പ്രസിഡന്റ് എൻ.സി. വിൽസൻ, പി.ജെ. വർഗീസ്, എം.പി. പോളി, പി.ജി. ശ്രീനിവാസൻ, പി.എൽ. സെബാസ്റ്റ്യൻ, എം.എ. ബേബി എന്നിവർ പങ്കെടുത്തു. കലാപരിപാടികൾ, കായിക മത്സരങ്ങൾ, ഓണ സദ്യ എന്നിവ നടന്നു.

ഇരിങ്ങാലക്കുട : മെട്രോ ഹെൽത്ത് കെയറിലെയും മെട്രോ ഐ കെയറിലെയും ഓണാഘോഷ പരിപാടികൾ ലയൺസ് ഡിസ്ട്രിക്റ്റ് മെഡിക്കൽ ക്യാംപ് കോർഡിനേറ്റർ ജോൺസൺ കോലങ്കണ്ണി ഉദ്ഘാടനം ചെയ്തു. ആശുപത്രി മാനെജിങ് ഡയറക്റ്റർ, ഡോ. എം.ആർ. രാജീവ്, ഡോ. എ.വി. ഗോപാലകൃഷ്ണൻ, ഡോ. കെ.സി. രജനി, ഡോ. ഹരീന്ദ്രനാഥ്, ഡോ. ജോസഫ് ലിജോ എന്നിവർ പ്രസംഗിച്ചു. കലാപരിപാടികളും വിവിധ മത്സരങ്ങളും ഓണസദ്യയും ഉണ്ടായി.

ഗവ. പ്ലീഡർ ഒഴിവ്

തൃശൂർ: ജില്ലയിലെ വടക്കാഞ്ചേരി, കൊടുങ്ങല്ലൂർ, ചാലക്കുടി മുൻസിഫ് കോടതികളിൽ പ്ലീഡർ ടു ഡൂ ഗവൺമെന്റ് വർക്ക് തസ്തികയിലേക്ക് അഭിഭാഷകരിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. അഞ്ച് വർഷത്തിൽ കുറയാത്ത പ്രവൃത്തിപരിചയവും 60 വയസിൽ താഴെ പ്രായവുമുള്ള ബാർ കൗൺസിൽ രജിസ്ട്രേഷനുള്ള അഭിഭാഷകർക്ക് അപേക്ഷിക്കാം. പാസ്പോർട്ട് സൈസ് ഫോട്ടോ പതിച്ച ബയോഡാറ്റയും രേഖകളുടെ പകർപ്പുകളും സെപ്റ്റംബർ ഏഴിന് കലക്റ്റർ മുമ്പാകെ അപേക്ഷ സമർപ്പിക്കണം.

കൊതുകുദിനാചരണം

തൃശൂർ: അമല മെഡിക്കൽ കോളെജ് എഎംഎഫ്എസിസിയും അടാട്ട് ഗ്രാമപഞ്ചായത്ത് ഒന്നും രണ്ടും മൂന്നും വാർഡുകളും സംയുക്തമായി സംഘടിപ്പിച്ച ലോക കൊതുക് ദിനാചരണ പരിപാടികളുടെ ഉദ്ഘാടനം ചിറ്റിലപ്പിള്ളി വിവി സ്കൂളിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.ജെ. ദേവസി നിർവഹിച്ചു. അമല ജോ. ഡയറക്റ്റർ ഫാ. ഷിബു പുത്തൻപുരയ്ക്കൽ അധ്യക്ഷത വഹിച്ചു. വാർഡ് മെമ്പർമാരായ രത്നവല്ലി സത്യൻ, എസ്.ഡി. രാജീവ്, സി.ജെ. സിജി, കമ്യൂണിറ്റി വിഭാഗം എൻഡമോളജിസ്റ്റ് മുഹമ്മദ് റാഫി, പിആർഒ ജോസഫ് വർഗീസ് എന്നിവർ പങ്കെടുത്തു. കൊതുകുജന്യ രോഗങ്ങളെയും നിയന്ത്രണ മാർഗങ്ങളെയും കുറിച്ചുള്ള ബോധവൽക്കരണ ക്ലാസുകളും വീടുകൾ കയറിയുള്ള കൊതുക് നിരീക്ഷണ ഉറവിട നശീകരണ പരിപാടിയും നടത്തി.

ഹരിത വസന്തം പദ്ധതി

ഇരിങ്ങാലക്കുട : ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത് ഹരിത വസന്തം പദ്ധതിയുടെ ഭാഗമായി കാട്ടൂർ പഞ്ചായത്ത് കൃഷിഭവൻ പരിധിയിലെ സായൂജ്യം ജെഎൽജി ഗ്രൂപ്പ് കൃഷി ചെയ്ത ചെണ്ടുമല്ലി, പച്ചക്കറി കൃഷിയുടെ വിളവെടുപ്പ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ടി.ജി. ശങ്കരനാരായണൻ ഉദ്ഘാടനം ചെയ്തു. കാട്ടൂർ പഞ്ചായത്ത് പ്രസിഡന്റ് പി.എസ്. മനു അധ്യക്ഷത വഹിച്ചു. കാട്ടൂർ പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാന്റിങ് കമ്മിറ്റി ചെയർപേഴ്സൺ നൂറ റിയാസ്, ബ്ലോക്ക് പഞ്ചായത്ത് അംഗം അംബുജ രാജൻ, പഞ്ചായത്ത് അംഗങ്ങളായ അംബിക ഷാജി, ജൂലിയസ് ആന്റണി, ഹൈദ്രോസ്, രാധിക സുരേഷ്, സി.എൽ. ജോയ്, ബ്ലോക്ക് കൃഷി അസി. ഡയറക്റ്റർ ഫാജിത റഹ്മാൻ, കൃഷി ഓഫിസർ രേഷ്മ, കുടുംബശ്രീ ചെയർപേഴ്സൺ ബസീല സഗീർ, ഇ.വി. അരവിന്ദാക്ഷൻ പങ്കെടുത്തു.

പച്ചക്കറി കട കത്തിനശിച്ചു

മാള: കുഴൂർ വിളക്കും കാൽ ജംക്ഷനിലെ പോളി മാനാച്ചേരിയുടെ പച്ചക്കറി കടയ്ക്ക് തീ പിടിച്ചു. ഇന്നലെ വെളുപ്പിന് മൂന്നു മണിയോടെയാണ് സംഭവം. മാള ഫയർഫോഴ്സ് എത്തി തീയണച്ചു. മാള പൊലീസും സ്ഥലത്തുണ്ടായിരുന്നു. ഓണമായതിനാൽ കൂടുതൽ പച്ചക്കറികളും പലചരക്കും സ്റ്റോക്ക് ചെയ്തിരുന്നു.

ഡിവൈഎഫ്ഐ സംസ്ഥാന സമ്മേളനത്തിന് സമാപനം കുറിച്ച് തൃശൂർ നഗരത്തിൽ നടന്ന പ്രകടനം

ഓണം: വില വർധന തടയാൻ പൊതുവിപണിയിൽ പരിശോധന

തൃശൂർ: ഓണത്തോടനുബന്ധിച്ച് പൊതുവിപണിയിൽ നിത്യോപയോഗ സാധനങ്ങളുടെ വിലവർധന തടയുന്നതിന് ജില്ലാ കലക്റ്റർ ശിഖ സുരേന്ദ്രന്റെ ഉത്തരവ് പ്രകാരം ഡെപ്യൂട്ടി കലക്റ്ററും സംഘവും പരിശോധന നടത്തി.

അയ്യന്തോൾ, ഒളരി പരിസരങ്ങളിലുള്ള പലചരക്ക്, പഴം-പച്ചക്കറി, മത്സ്യമാംസ വിപണന കേന്ദ്രങ്ങൾ, ഹോട്ടലുകൾ, ബേക്കറികൾ എന്നിവിടങ്ങളിൽ ഉദ്യോഗസ്ഥർ പരിശോധന നടത്തി ഫുഡ് സേഫ്റ്റി സാംപിളുകൾ ശേഖരിച്ചു.

സ്ഥാപനങ്ങൾക്ക് പിഴ ഈടാക്കുന്നതിനുള്ള നോട്ടീസുകൾ നൽകുകയും ത്രാസ് സീൽ ചെയ്ത രേഖകൾ പരിശോധിക്കുകയും ചെയ്തു. ഓണത്തിന് അവശ്യ സാധനങ്ങളുടെ ലഭ്യത ഉറപ്പ് വരുത്തുന്നതിനും പൂഴ്ത്തിവയ്പ്പ്, കരിഞ്ചന്ത എന്നിവ തടയുന്നതിനും അളവ് തൂക്ക ഉപകരണങ്ങളുടെ കൃത്യത ഉറപ്പുവരുത്തുന്നതിനും മായംചേർക്കൽ, കാലപ്പഴക്കം ചെന്ന ഭക്ഷണ സാധനങ്ങളുടെ വിപണനം എന്നിവ ഒഴിവാക്കുന്നതിനുമായിട്ടായിരുന്നു പരിശോധന.

തൃശൂർ ഡെപ്യൂട്ടി കലക്റ്റർ സി.ആർ ജയന്തി, ജില്ലാ സപ്ലൈ ഓഫിസർ ടി.ജെ. ആശ, ലീഗൽ മെട്രോളജി ഇൻസ്പെക്റ്റർ ടി.ജെ. ജിൻസൺ, ലീഗൽ മെട്രോളജി അസി. സുഭാഷ്, ഭക്ഷ്യസുരക്ഷ ഓഫിസർ വി. അഷ്റഫ്, തൃശൂർ താലൂക്ക് ഓഫിസ് ജൂനിയർ സൂപ്രണ്ട് ഷീമോൻ ആലപ്പാടൻ, പൊതുവിതരണ വകുപ്പിലെ റേഷനിങ് ഇൻസ്പെക്റ്റർമാരായ കെ.ബി ബബിത, പി. ശ്രുതി എന്നീ ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന സ്ക്വാഡ് പരിശോധനക്ക് നേതൃത്വം നൽകി. വരും ദിവസങ്ങളിലും പരിശോധന തുടരുമെന്ന് അധികൃതർ അറിയിച്ചു.

പദ്മരാജൻ സ്മൃതി

തൃശൂർ : ലിറ്ററി ഫോറത്തിന്റെ ആഭിമുഖ്യത്തിൽ ചേറൂർ സാഹിതിയിൽ പദ്മരാജൻ സ്മൃതി സംഘടിപ്പിച്ചു. പ്രഭാഷണങ്ങളും സംവാദവും പദ്മരാജൻ സിനിമകളിലേ തെരഞ്ഞെടുത്ത പാട്ടുകൾ കോർത്തിണക്കി അവതരിപ്പിച്ച പദ്മരാഗം പദ്മരാജന്റെ ജീവിത കഥ പറയുന്ന കടൽകാറ്റിലൊരു ദൂത് ഡോക്യുമെന്ററിയുടെ പ്രദർശനം എന്നിവ നടന്നു. എഴുത്തുകാരി രാജ്കുമാരി വിനോദ് അധ്യക്ഷത വഹിച്ചു. പി ഉണ്ണിമേനോൻ മുഖ്യാതിഥിയായി. പി. വിനോദ്, ഡോ. പ്രീതൻ, സതീഷ്കുമാർ വിശാഖപട്ടണം, രാജേഷ് ബി. മേനോൻ, മഞ്ജു എം.കെ, അനിൽകുമാർ കോലഴി എന്നിവർ പ്രഭാഷണങ്ങൾ അവതരിപ്പിച്ചു. ഫോറം പ്രസിഡന്റും എഴുത്തുകാരനുമായ കെ. ഉണ്ണികൃഷ്ണൻ, സാഹിതി ചെയർപേഴ്സൺ ഡോ. സരസ്വതി ബാലകൃഷ്ണൻ, എം.ഡി. രത്നമ്മ, മോഹൻദാസ് പാറപ്പുറത്ത്, ഷാജു പുതൂർ, രാജലക്ഷ്മി മാനഴി എന്നിവർ പങ്കെടുത്തു.

പുത്തൻപീടിക ഗവ. എൽപി സ്കൂളിൽ ഓണാഘോഷം അന്തിക്കാട് പഞ്ചായത്ത് പ്രസിഡന്റ് സി.കെ. കൃഷ്ണകുമാർ ഉദ്ഘാടനം ചെയ്യുന്നു

ഓണാഘോഷം സംഘടിപ്പിച്ചു

അന്തിക്കാട്: പുത്തൻപീടിക ഗവ. എൽപി സ്കൂളിൽ ഓണാഘോഷം സംഘടിപ്പിച്ചു.

മഹാബലിയുടെ എഴുന്നള്ളത്ത്, പുലികളി, ചെണ്ടമേളം എന്നിവയുടെ അകമ്പടിയോടെ നടന്ന ഓണാഘോഷ റാലി ഏറെ ശ്രദ്ധേയമായി. അന്തിക്കാട് പഞ്ചായത്ത് പ്രസിഡന്റ് സി.കെ. കൃഷ്ണകുമാർ ഉദ്ഘാടനം ചെയ്തു. വി.ജെ. പ്രസിൽ അധ്യക്ഷത വഹിച്ചു. പ്രധാനാധ്യാപിക ബിന്ദു ജോസ്, ബിജു അണ്ടേഴത്ത്, പി.പി. രാജേഷ്, പ്രജിത പ്രശാന്ത് എന്നിവർ പങ്കെടുത്തു.

കുന്നംകുളത്ത് വടംവലി മത്സരം നാളെ

കുന്നംകുളം: ഓണാഘോഷത്തിന്റെ ഭാഗമായി നഗരസഭ, മാധ്യമ പ്രവർത്തക കൂട്ടായ്മയായ സീനിയർ എഡിറ്റേഴ്സ് ഫോറം, ചേംബർ ഓഫ് കൊമേഴ്സ് യൂത്ത് വിങ് എന്നിവയുടെ നേതൃത്വത്തിൽ നടത്തുന്ന സൗഹൃദ വടംവലി മത്സരത്തിന് ഒരുക്കങ്ങളായി.

24ന് വൈകിട്ട് നാലിന് ജവാഹർ സ്ക്വയർ സ്റ്റേഡിയത്തിലാണ് മുപ്പത്തിലേറെ പുരുഷ - വനിതാ ടീമുകൾ പങ്കെടുക്കുന്ന വടംവലി മത്സരം. ജനപ്രതിനിധികൾ, പൊലീസ്, അഗ്നി രക്ഷാ സേന, വിവിധ സംഘടനകൾ, വിവിധ സേവന മേഖലയിലുള്ളവർ, സ്ഥാപനങ്ങൾ തുടങ്ങിയവരാണ് ഓണത്തിന്റെ ആഘോഷ ആരവുമായി ഒത്തുചേരുന്നത്.

തൃശൂർ അഡി. പൊലീസ് സൂപ്രണ്ട് സി. കൃഷ്ണദാസ് വടംവലി മത്സരം ഉദ്ഘാടനം ചെയ്യും. നഗരസഭാധ്യക്ഷ സൗമ്യ അനിലൻ ട്രോഫികൾ സമ്മാനിക്കും.

അമ്മ കരുണാലയത്തിന്റെ നേതൃത്വത്തിൽ നടന്ന ഓണാഘോഷം എഴുത്തുകാരൻ കെ. ഉണ്ണികൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു

അമ്മ കരുണാലയത്തിൽ ഓണാഘോഷം

വടക്കാഞ്ചേരി: അമ്മ കരുണാലയത്തിന്റെ നേതൃത്വത്തിൽ ഓണാഘോഷ പരിപാടികൾ സംഘടിപ്പിച്ചു. എഴുത്തുകാരൻ കെ. ഉണ്ണികൃഷ്ണൻ ഉദ്ഘാടനം ചെയ്തു. കരുണാലയം പ്രസിഡന്റ് കുമാരികൃഷ്ണൻകുട്ടി അധ്യക്ഷത വഹിച്ചു. നിർധന കുടുംബങ്ങളായ 100ഓളം പേർക്ക് ഓണക്കിറ്റും 60 പേർക്ക് ഓണക്കോടിയും 30 പേർക്ക് മരുന്നുകളും അനുബന്ധ ഉപകരണങ്ങളും നൽകി. നഗരസഭ പാർലിമെന്ററി പാർട്ടി ലീഡർ എസ്എ അസാദ് വിതരണോദ്ഘാടനം നിർവഹിച്ചു. ഫോർമർ പഞ്ചായത്ത് മെമ്പേഴ്സ് അസോസിയേഷൻ ജില്ലാ പ്രസിഡന്റ് കരീം പന്നിത്തടം കൗൺസിലർ പി. എൻ. വൈശാഖ്, പ്രസ് ക്ലബ് സെക്രട്ടറി ജോണി ചിറ്റിലപ്പിള്ളി, താലൂക്ക് എംഇഎസ് പ്രസിഡന്റ് അബ്ദുൾ ജബ്ബാർ, ബേബി രാമചന്ദ്രൻ, ധന്യ രാമചന്ദ്രൻ, അജിത ജയൻ, മോളി ജോർജ്, രേഷ്മ ദീപുരാജ്, ഷൈജ നൗഷാദ് തുടങ്ങിയവർ പങ്കെടുത്തു. ഓണസദ്യയും ഉണ്ടായി.

ഓണപ്പാട്ടിലൂടെ ലോക റെക്കോഡ് സ്വന്തമാക്കിയ കുന്നംകുളം ഗുഡ് ഷെപ്പേർഡ് സിഎംഐ സ്കൂൾ ടീം

മെഗാ ഓണപ്പാട്ടിന് 'ബെസ്റ്റ് ഓഫ് ഇന്ത്യ' ലോക റെക്കോഡ്

കുന്നംകുളം: ഓണാഘോഷത്തിന്റെ ഭാഗമായി ഓണപ്പാട്ടിലൂടെ ലോക റെക്കോഡ് സ്വന്തമാക്കി കുന്നംകുളം ഗുഡ് ഷെപ്പേർഡ് സിഎംഐ സ്കൂൾ. വിദ്യാർഥികളും രക്ഷിതാക്കളും ഒരുമിച്ച് അണിനിരന്ന് നടത്തിയ ഏറ്റവും വലിയ ഓണപ്പാട്ട് ആലാപനത്തിലൂടെയാണ് സ്കൂൾ ഈ അപൂർവ നേട്ടം കൈവരിച്ചത്.

ബെസ്റ്റ് ഓഫ് ഇന്ത്യ റെക്കോഡ്സിന്റെ സഹകരണത്തോടെ സംഘടിപ്പിച്ച മെഗാ പരിപാടിയിൽ 1500ലധികം വിദ്യാർഥികളും രക്ഷിതാക്കളും പങ്കെടുത്തു. കേരളത്തനിമ തുളുമ്പുന്ന 11 ഓളം ഓണപ്പാട്ടുകൾ ഒരേ സ്വരത്തിൽ 20 മിനിട്ട് ആലപിച്ചാണ് റെക്കോഡ് സ്വന്തമാക്കിയത്. കേരളീയ രീതിയിൽ വസ്ത്രം ധരിച്ച 500 രക്ഷിതാക്കളും1200 വിദ്യാർഥികളുമാണ് ഓണപ്പാട്ടിൽ അണിനിരന്നത്. സംവിധായകനും തിരക്കഥാകൃത്തുമായ കെ. അഭയ്കുമാർ ഉദ്ഘാടനം ചെയ്തു. സ്കൂൾ മാനെജർ ഫാ. സെൽജോ വെളിയന്നൂകാരൻ അധ്യക്ഷത വഹിച്ചു.

ത്രിവർണം അവാർഡ് സമ്മാനിച്ചു

അന്തിക്കാട്: ത്രിവർണം ചാരിറ്റബിൾ സൊസൈറ്റിയുടെ 'ത്രിവർണം അവാർഡ് 2026' പെരിങ്ങോട്ടുകര കാനാടികാവ് മഠാധിപതി ഡോ. വിഷ്ണു ഭാരതീയ സ്വാമികൾ ഉദ്ഘാടനം ചെയ്തു. സൊസൈറ്റി പ്രസിഡന്റ് ടി.ആർ. ജോയി അധ്യക്ഷത വഹിച്ചു.

മികച്ച അധ്യാപകനുള്ള ത്രിവർണം അവാർഡ് അന്തിക്കാട് കെജിഎംഎൽപി സ്കൂൾ ഹെഡ്മാസ്റ്റർ ജോഷി ഡി. കൊള്ളന്നൂരിനും മികച്ച ജനപ്രതിനിധിക്കുള്ള അവാർഡ് അന്തിക്കാട് ഗ്രാമ പഞ്ചായത്ത് മെമ്പർ ശാന്ത സോളമനും ഡോ. വിഷ്ണു ഭാരതീയ സ്വാമികൾ സമ്മാനിച്ചു.

ഓണാഘോഷങ്ങളുടെ ഭാഗമായി അമ്മമാർക്കുള്ള ഓണപ്പുടവ വിതരണം കെപിസിസി ജന. സെക്രട്ടറി ജോസ് വള്ളൂർ നിർവഹിച്ചു. വി.ബി. ലിബീഷ്, എം.ബി. സജീവ്, സിദ്ധാർത്ഥൻ കളത്തിൽ, മിജി ലോനപ്പൻ, ശാലിനി സന്ദീപ്, സിമി ജോജു, റഹ്മത്ത് ഷെമീർ, ഷാനവാസ് അന്തിക്കാട് എന്നിവർ പങ്കെടുത്തു.

പുസ്തകം പ്രകാശനം ചെയ്തു

തൃശൂർ: ഡോ. പി. രൺജിത്ത് സമാഹരണവും പഠനവും നിർവഹിച്ച 'ഓണം: സംവാദത്തിന്റെ നൂറു വർഷങ്ങൾ (1870-1970)' എന്ന പുസ്തകത്തിന്റെ പ്രകാശനം കേരള സാഹിത്യ അക്കാഡമി ഹാളിൽ നടന്നു. പി.എൻ. ഗോപീകൃഷ്ണൻ, അൻവർ അലി എന്നിവർ ചേർന്ന് പ്രകാശനം നിർവഹിച്ചു. ഡോ. കെ. വിനോദ് ചന്ദ്രൻ അധ്യക്ഷനായി. സഹ്യ ഡിജിറ്റൽ കൺസർവേഷൻ ഫൗണ്ടേഷനാണ് പുസ്തകം പ്രസിദ്ധീകരിച്ചത്. പാട്ട്, കഥ, ലേഖനം, നാടകം, റിപ്പോർട്ട്, കവിത, കാർട്ടൂൺ, വാർത്ത, പരസ്യം തുടങ്ങി വ്യത്യസ്ത രൂപങ്ങളിൽ വ്യത്യസ്ത ഇടങ്ങളിൽ പ്രത്യക്ഷപ്പെട്ട പ്രസിദ്ധരും അപ്രസിദ്ധരുമായ എഴുത്തുകാരുടെ രചനകളും തുടർന്നുള്ള സംവാദങ്ങളും, പ്രസിദ്ധീകരിക്കപ്പെട്ട സന്ദർഭത്തിന്റെ അടിസ്ഥാനത്തിൽ അവയെങ്ങനെ വായിക്കണമെന്ന് വിശദീകരിക്കുന്ന പഠനക്കുറിപ്പുകൾ സഹിതമാണ് കൃതി തയാറാക്കിയിരിക്കുന്നത്.

എടിഐസി ഓണച്ചന്ത സംഘടിപ്പിച്ചു

തൃശൂർ: ഓണക്കാലത്ത് പൊതുജനങ്ങൾക്ക് ഗുണമേന്മയുള്ള കാർഷികോത്പന്നങ്ങൾ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ കേരള കാർഷിക സർവകലാശാല മണ്ണുത്തി അഗ്രികൾച്ചറൽ ടെക്നോളജി ഇൻഫർമേഷൻ സെന്ററിൽ (എടിഐസി) ഓണച്ചന്ത സംഘടിപ്പിച്ചു. സർവകലാശാല വൈസ് ചാൻസലർ ഡോ. ടി. സജിതാ റാണി ഉദ്ഘാടനം ചെയ്തു. വിവിധ വകുപ്പ് ഡയറക്റ്റർമാർ, ഡീൻമാർ, അധ്യാപക-അനധ്യാപക ജീവനക്കാർ, തൊഴിലാളികൾ, കർഷകർ, പൊതുജനങ്ങൾ എന്നിവർ പങ്കെടുത്തു. സംസ്ഥാനത്തെ കാർഷികോത്പാദനവും ഉത്പന്നങ്ങളുടെ ഗുണനിലവാരവും വർധിപ്പിക്കുന്നതിനൊപ്പം അവ ന്യായവിലയിൽ പൊതുജനങ്ങളിലേക്ക് എത്തിക്കാനാണ് കാർഷിക സർവകലാശാല എപ്പോഴും മുൻഗണന നൽകുന്നതെന്ന് വൈസ് ചാൻസലർ വ്യക്തമാക്കി. സർവകലാശാലയുടെ കീഴിലുള്ള വിവിധ ഗവേഷണ കേന്ദ്രങ്ങളിലും ഫാമുകളിലും ഉത്പാദിപ്പിച്ച വിഷരഹിതമായ പച്ചക്കറികൾ, പഴവർഗങ്ങൾ, വൈവിധ്യമാർന്ന മൂല്യവർധിത ഉത്പന്നങ്ങൾ എന്നിവയാണ് വിപണനമേളയിൽ മിതമായ നിരക്കിൽ ലഭ്യമാക്കിയിട്ടുള്ളത്.

കോൾ കർഷക ഉപദേശ സമിതി ചുമതലയേറ്റു

തൃശൂർ: 2026-27 സാമ്പത്തിക വർഷത്തെ തൃശൂർ കോൾ കർഷക മേഖലയിലെ നെൽകൃഷിയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി പുതിയതായി തെരഞ്ഞെടുത്ത കോൾ കർഷക ഉപദേശ സമിതിയുടെ ആദ്യ യോഗം ചേർന്നു.

ജലസേചന വകുപ്പ് എക്സി. എൻജിനീയറുടെ ചേമ്പറിലാണ് യോഗം ചേർന്നത്. 11 അംഗങ്ങളാണ് ഉപദേശ സമിതിയിലുള്ളത്. മുരളി പെരുനെല്ലി (മുല്ലശേരി മേഖല), കെ.കെ. കൊച്ചുമുഹമ്മദ് (ചേർപ്പ് മേഖല), ടി.ജെ. സെബി (ഏനാമാവ് മേഖല), കൊള്ളങ്ങാട്ട് ഗോപിനാഥൻ (തൃശൂർ മേഖല), കെ.കെ. രാജേന്ദ്ര ബാബു (ആലപ്പാട്-അന്തിക്കാട് മേഖല), പി.ആർ. വർഗീസ് (പാറളം-കണിമംഗലം മേഖല), കെ.കെ. ഷൈജു (കാറളം-ചെമ്മണ്ട മേഖല), എ.ആർ. രാജീവ് (കാട്ടൂർ-എടതിരിഞ്ഞി മേഖല), കെ.എസ്. അർജുനൻ (അടാട്ട്-പറപ്പൂർ മേഖല), അഡ്വ. വി. സുരേഷ് കുമാർ (അരിമ്പൂർ മേഖല), ടി.എ. പോൾ (മുരിയാട്-കരുവന്നൂർ മേഖല) എന്നിവരാണ് സമിതി അംഗങ്ങൾ.

നേരത്തെ ടൗൺഹാളിൽ മന്ത്രിമാരായ ടി. സിദ്ധിഖ്, ഒ.ജെ. ജനീഷ് എന്നിവരുടെ സാന്നിധ്യത്തിൽ കലക്റ്റർ ശിഖാ സുരേന്ദ്രന്റെ അധ്യക്ഷതയിൽ ചേർന്ന കോൾ കർഷക പ്രതിനിധികളുടെ വാർഷിക പൊതുയോഗത്തിലാണ് ഭരണസമിതി അംഗങ്ങളെ ഏകകണ്ഠമായി തെരഞ്ഞെടുത്തത്.

കട്ടിളവെപ്പ് ചടങ്ങ്

ഇരിങ്ങാലക്കുട: കാത്തലിക് പ്രവാസി കമ്യൂണിറ്റി ചാരിറ്റബിൾ ട്രസ്റ്റിന്റെ നേതൃത്വത്തിൽ നിർധന കുടുംബത്തിനായി നിർമിച്ചു നൽകുന്ന 'സ്വപ്നഭവനം' പദ്ധതിയുടെ കട്ടിളവെപ്പ് ചടങ്ങ് നടന്നു. ട്രസ്റ്റ് രക്ഷാധികാരി ഡോ. ആന്റണി, വൈസ് പ്രസിഡന്റ് ജയ്സൺ പൊന്തോക്കൻ, സെക്രട്ടറി ജോണി വരിക്കശേരി, ട്രഷറർ ബെന്നി ചെറിയാൻ, സിക്സൺ, മാളക്കാരൻ ബെന്നി പന്തലിപ്പാടൻ, ജോഫി കാഞ്ഞിരത്തിങ്കൽ, ഫാന്റം പല്ലിശേരി, ആന്റു ചേറ്റുപുഴക്കാരൻ, വാർഡ് മെമ്പർ എന്നിവർ പങ്കെടുത്തു. ഒരു കുടുംബത്തിന്റെ സ്വന്തം വീടെന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിനായുള്ള ഈ സംരംഭത്തിന് പിന്തുണ നൽകുന്ന എല്ലാ അംഗങ്ങൾക്കും ട്രസ്റ്റ് ഭാരവാഹികൾ നന്ദി അറിയിച്ചു.

പൊതുയോഗം സംഘടിപ്പിച്ചു

കുന്നംകുളം: ഡൽഹി ചലോ മാർച്ചിന്റെ പ്രചാരണാർഥം സിപിഐ കുന്നംകുളം ലോക്കൽ കമ്മിറ്റിയുടെ നേതൃത്വത്തിൽ പൊതുയോഗം സംഘടിപ്പിച്ചു. ജില്ലാ എക്സിക്യൂട്ടീവ് അംഗം ടി. പ്രദീപ് കുമാർ ഉദ്ഘാടനം ചെയ്തു. കുന്നംകുളം ലോക്കൽ സെക്രട്ടറി രഞ്ജൻ മാത്യു അധ്യക്ഷത വഹിച്ചു. കെടി ഷാജൻ, പ്രേംരാജ് ചൂണ്ടാലത്ത്, ടി.പി. ജോസഫ്, കനകം സുരേന്ദ്രൻ, ജോജി വർഗീസ്, കെ.എ. സിദ്ധാർത്ഥൻ തുടങ്ങിയവർ പങ്കെടുത്തു.

വോക്-ഇൻ-ഇന്റർവ്യു

തൃശൂർ: ഫിഷറീസ് വകുപ്പിന് കീഴിലുള്ള സൊസൈറ്റി ഫോർ അസിസ്റ്റൻസ്ടു ഫിഷർവിമെൻ ജില്ലാ നോഡൽ ഓഫിസിലേക്ക് മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിൽ കരാറടിസ്ഥാനത്തിൽ താത്കാലിക നിയമനം നടത്തുന്നു. പ്രായപരിധി 35 വയസാണ്. താത്പര്യമുള്ളവർ 31-ന് രാവിലെ 10.30-ന് അഴിക്കോട് റീജിയണൽ ഹാച്ചറിയിൽ നടത്തുന്ന വോക്-ഇൻ-ഇന്റർവ്യൂവിൽ നേരിട്ട് ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി സമയങ്ങളിൽ 0480 2819698 എന്ന നമ്പറിൽ ബന്ധപ്പെടണം.

കുന്നംകുളം കൃഷിഭവന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ഓണച്ചന്ത നഗരസഭാ ചെയർപേഴ്സൺ സൗമ്യ അനിലൻ ഉദ്ഘാടനം ചെയ്യുന്നു

ഓണച്ചന്തയ്ക്ക് തുടക്കം

കുന്നംകുളം: കുന്നംകുളം കൃഷിഭവന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ഓണച്ചന്തയ്ക്ക് തുടക്കമായി. നഗരസഭ ചെയർപേഴ്സൺ സൗമ്യ അനിലൻ ഉദ്ഘാടനം നിർവഹിച്ചു.

വികസനകാര്യ സ്ഥിരം സമിതി അധ്യക്ഷ പുഷ്പ ജോൺ അധ്യക്ഷത വഹിച്ചു. കർഷകർക്ക് തങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് മികച്ച വിപണി ഉറപ്പാക്കുന്നതിനും പൊതുജനങ്ങൾക്ക് ഗുണമേന്മയുള്ള കാർഷിക ഉത്പന്നങ്ങൾ ന്യായവിലയിൽ ലഭ്യമാക്കുന്നതിനുമാണ് ചന്ത സംഘടിപ്പിച്ചിരിക്കുന്നത്.

കൃഷിവകുപ്പിന്റെ ഉത്പന്നങ്ങൾക്ക് പുറമെ ഹോർട്ടികോർപ്പ്, വിഎഫ്പിസികെ, കേരള അഗ്രോ എന്നിവയുടെ ഉത്പന്നങ്ങളും കർഷകരിൽ നിന്ന് നേരിട്ട് ശേഖരിച്ച മറ്റ് കാർഷിക വിഭവങ്ങളും ഇവിടെ ലഭ്യമാണ്.

HDB FINANCIAL SERVICES എച്ച്ഡിബി ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡ്
രജിസ്റ്റേർഡ് ഓഫീസ്: രാധിക, രണ്ടാം നില, ലോ ഗാർഡൻ റോഡ്, നവരംഗ്പുര, അഹമ്മദാബാദ് - 09., ബ്രാഞ്ച് ഓഫീസ്: എച്ച്ഡിബി ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡ്, രണ്ടാം നില, ഡോർ നമ്പർ 14/488/26 Tc, സൺ സിറ്റി കോംപ്ലക്സ്, SH22 റോഡ്, കൂർക്കഞ്ചേരി സർവീസ് സഹകരണ ബാങ്കിന് സമീപം, തൃശൂർ - 680007, കേരളം.

ലേല വിൽപ്പന നോട്ടീസ്, ഇ-ലേല വിൽപ്പന നോട്ടീസ്
(വായ്പ്പക്കാരൻ/സഹവായ്പ്പക്കാരൻ/പൊതുജനങ്ങൾ എന്നിവർക്കായി) (2002 സർഫേസി ആക്റ്റിലെ റൂൾ 8(6), കിഴിൽ, റൂൾ 9(1) ഒപ്പം വായിക്കുക.
സെക്യൂരിറ്റൈസേഷൻ ആൻഡ് റികൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇൻട്രസ്റ്റ് ആക്റ്റ്, 2002-ലെ റൂൾ 9(1) പ്രകാരം, സെക്യൂരിറ്റി ഇൻട്രസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ്, 2002-ഉം അനുബന്ധ നിയമങ്ങളും അനുസരിച്ച്, ജപ്തി ചെയ്ത വസ്തുവിന്റെ ഇ-ലേല വിൽപ്പന സംബന്ധിച്ച പൊതു അറിയിപ്പ്.
സെക്യൂരിറ്റൈസേഷൻ ആൻഡ് റികൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇൻട്രസ്റ്റ് ആക്റ്റ് 2002 പ്രകാരം, എച്ച്ഡിബി ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡിന്റെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ, താഴെ പറയുന്ന ലോൺ അക്കൗണ്ടിന്റെ ഭാഗമായി സെക്യുവേർഡ് ക്രെഡിറ്റർക്ക് ഈടായി നൽകിയിട്ടുള്ളതും, ഇപ്പോൾ ഏറ്റെടുത്തിട്ടുള്ളതുമായ സ്ഥാവര വസ്തുവകകൾ 'എവിടെയാണോ, അവിടെ അതേപടി', 'എന്താണോ, അത് അതേപടി' എന്ന വ്യവസ്ഥയിൽ വിൽക്കുന്നതിനുള്ള അവകാശം കമ്പനിക്കുണ്ട്. ആയതിനാൽ, പൊതുജനങ്ങൾക്കായി ഒരു അറിയിപ്പ് നൽകുന്നു. https://bankeauctions.com/ support@bankeauctions.com എന്ന വെബ്സൈറ്റ് വഴി ഞങ്ങൾ ഒരു പൊതു ഇ-ലേലം നടത്താൻ പോകുന്നു. ഇത് പൊതുജനങ്ങളെ അറിയിക്കുന്നതിനായിട്ടുള്ളതാണ്.

[A]	[B]	[C]	[D]	[E]	[F]	[G]
S. No.	അക്കൗണ്ട് നമ്പർ & വായ്പ്പക്കാരന്റെ, സഹ വായ്പ്പക്കാരന്റെയും മോർട്ട്ഗേജറുടെയും പേര്	ആകെ കുടിശിക തുക	വസ്തുവിന്റെ/വസ്തുക്കളുടെ വിശദാംശങ്ങൾ	റിസർവ് തുക നിരതദ്രവ്യ നിക്ഷേപം ബിഡ് വർധന തുക (രൂപയിൽ)	ലേലത്തിയതിയും സമയവും ഇഎംഡി സമർപ്പിക്കേണ്ട അവസാന തിയതി	ജപ്തിയുടെ തരം
1	Account No. 4624640 , 1. നൈജോ കൂട്ടാല ജോസഫ്, കൂട്ടാല വീട്, തേലാലിപ്പാടം റോഡ് ഒല്ലൂർ, തൈക്കാട്ടുശ്ശേരി, തൃശൂർ- 680306. 2. ഹൈയിം ജുവൽസ് പ്രൈവറ്റ് ലിമിറ്റഡ്, Ix/517/2 ഹൈയിം ഡയമണ്ട്സ് ടവർ, ഇക്കണ്ട വാരിയർ റോഡ്, തൃശൂർ-680001. 3. ത്രേസ്യാമ്മ ജോസഫ്, കൂട്ടാല വീട്, തേലാലിപ്പാടം റോഡ്, ഒല്ലൂർ, തൈക്കാട്ടുശ്ശേരി, തൃശൂർ-680306. 4. നൈസ് നൈജോ, കൂട്ടാല ഹൗസ്, തേലാലിപ്പാടം റോഡ്, ഒല്ലൂർ, തൈക്കാട്ടുശ്ശേരി, തൃശൂർ-680306.	Rs.88,25,195.10/- (എൺപത്തിയെട്ട് ലക്ഷത്തി ഇരുപത്തയ്യായിരത്തി നൂറ്റി തൊണ്ണൂറ്റി അഞ്ച് രൂപ പത്ത് പൈസ മാത്രം), 27.05.2026 പ്രകാരം, തുടർന്ന് പൂർണമായ തിരിച്ചടവ് തിയതി വരെയുള്ള പലിശയും/ ആകസ്മിക ചെലവുകളും/ മറ്റു ചെലവുകളും.	പഴയ സർവെ നമ്പർ 144/P, റീ സർവെ നമ്പർ 26/75-ൽ 8.09 ആഴ്സ് വരുന്ന വസ്തുവും തൃശ്ശൂർ കോർപ്പറേഷനിലെ കെട്ടിട നമ്പർ: 14/634/2 വരുന്ന കെട്ടിടവും അതിലെ മറ്റ് വസ്തു വകകളും എല്ലാം ഉൾപ്പടെ എടക്കുന്നി വില്ലേജ്, എടക്കുന്നി ദേശം, തൃശൂർ താലൂക്ക്, തൃശൂർ ജില്ല. തൃശൂർ ജില്ലയിലെ ചേർപ്പ് എസ്.ആർ.ഒ സെയിൽ ഡീഡ് നമ്പർ 1583/2015 പ്രകാരം, എടക്കുന്നി വില്ലേജ് ഓഫീസർ മിസ്റ്റർ നൈജോയുടെ പേരിൽ നൽകിയ ലൊക്കേഷൻ സർട്ടിഫിക്കറ്റ് പ്രകാരം അതിരുകൾ: കിഴക്ക്: കോർപ്പറേഷൻ റോഡ്; പടിഞ്ഞാറ്: തിരുവഞ്ചിറ കുളം; തെക്ക്: അരിമ്പൂർ വളപ്പിൽ പ്രഭാകരന്റെ വസ്തു; വടക്ക്: ഭാരതിയുടെ വസ്തു.	Rs. 1,22,18,280/- Rs.12,21,828/- Rs.1,00,000/-	29/09/2026 at 11 a.m. to 12Noon, 28/09/2026 up to 06:00 p.m	ജപ്തി

1. ലോഗിൻ ഐഡിയും പാസ്‌വേഡും സൃഷ്ടിക്കുന്നതിനോ, വിവരങ്ങൾ അപ്‌ലോഡ് ചെയ്യുന്നതിനോ, ബിഡ് രേഖകൾ സമർപ്പിക്കുന്നതിനോ, ഓൺലൈൻ 'ഇന്റർ-സെ ബിഡിംഗ്' സംബന്ധിച്ച പരിശീലനത്തിനോ ഡെമോൺസ്ട്രേഷനോ സഹായം ആവശ്യമുള്ള താൽപ്പര്യമുള്ള ബിഡ്ഡർമാർക്ക് സി1 ഇന്ത്യ-യുമായി ബന്ധപ്പെടാവുന്നതാണ്: https://bankeauctions.com, support@bankeauctions.com, 91-7291981124/25/26, സി1 ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് ശ്രീ.ധരണി കൃഷ്ണ, ഇമെയിൽ ഐഡി - andhra@c1india.com; ഫോൺ നമ്പർ - 9948182222 പ്ലോട്ട് നമ്പർ-68, മൂന്നാം നില, സെക്ഷൻ-44, ഗുഡ്ഗാവ്, ഹരിയാന-122003. വസ്തുവിന്റെ പരിശോധനയ്ക്കും മറ്റ് വിശദാംശങ്ങൾക്കും, വാങ്ങാൻ ഉദ്ദേശിക്കുന്നയാൾ ബന്ധപ്പെടുക: രഞ്ജിത്ത് കെ കെ (9746294323), അശ്വിൻ ഗോപിനാഥ് (8137871514), & ഉമേഷ്കുമാർ (9645099666)
2. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർക്ക്, മാനേജർ, എച്ച്ഡിബി ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡ്, രണ്ടാം നില, ഡോർ നമ്പർ 14/488/26 Tc, സൺ സിറ്റി കോംപ്ലക്സ്, SH22 റോഡ്, കൂർക്കഞ്ചേരി സർവീസ് സഹകരണ ബാങ്കിന് സമീപം, തൃശൂർ - 680007, കേരളം എന്ന വിലാസത്തിൽ നിന്ന് ടെണ്ടർ ഫോമുകൾ ലഭിക്കാവുന്നതാണ്.

തിയതി: 22.08.2026, സ്ഥലം: തൃശൂർ
ഒപ്പ്/- അംഗീകൃത ഓഫിസർ, M/s.എച്ച്ഡിബി ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡ്

HDB FINANCIAL SERVICES എച്ച്ഡിബി ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡ്
രജിസ്റ്റേർഡ് ഓഫീസ്: രാധിക, രണ്ടാം നില, ലോ ഗാർഡൻ റോഡ്, നവരംഗ്പുര, അഹമ്മദാബാദ്, ഗുജറാത്ത്-380009,
ബ്രാഞ്ച് ഓഫീസ്: ഒന്നാം നില, കെട്ടിടം നമ്പർ.3/955-ജി, ശ്രീകൃഷ്ണ ടവേഴ്സ്, പട്ടാമ്പി, കേരളം - 679313
അനുബന്ധം IV റൂൾ 8 (1) കാണുക
പൊസഷൻ നോട്ടീസ് (സ്ഥാവര വസ്തുവിന്റേത്)

എന്തെന്നാൽ, സെക്യൂരിറ്റൈസേഷൻ ആൻഡ് റികൺസ്ട്രക്ഷൻ ഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്റ്റ് 2002 പ്രകാരവും സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് 2002ലെ സെക്ഷൻ 13(12) റൂൾ 3 ചേർത്തു വായന നൽകുന്ന അധികാരം ഉപയോഗിച്ചും വായ്പ്പക്കാരൻ/ സഹ-വായ്പ്പക്കാർ/ഗ്യാരന്റർ (1) സൂപ്പർ ഗ്ലേസ്, സൂപ്പർ ഗ്ലേസ്- ഇന്റീരിയർ ഡെക്കർ 12/318,319, കൂട്ടനാട്, വട്ടേനാട്, പട്ടിത്തറ പഞ്ചായത്ത്, പാലക്കാട് ഒറ്റപ്പാലം-679533 കേരളം (2) പുഷ്പ കെ.കെ., പരത്തിരിക്കുന്നത്ത് ഹൗസ് കൂട്ടനാട്, വട്ടേനാട് പട്ടിത്തറ വില്ലേജ്, പാലക്കാട് ജില്ല പിൻ-679533 ഒറ്റപ്പാലം-679533 കേരളം (3) പ്രമോദ് പി.കെ., മാടമ്പിയുടെ മകൻ, പരത്തിരി കുന്നത്ത് ഹൗസ് കൂട്ടനാട്, വട്ടേനാട്, പട്ടിത്തറ വില്ലേജ് നാഗലശ്ശേരി, കൂട്ടനാട്, ഒറ്റപ്പാലം-679533 കേരളം (4) ആർ.കെ. മാടമ്പി, കോരന്റെ മകൻ, പരത്തിരി കുന്നത്ത് ഹൗസ്, കൂട്ടനാട്, വട്ടേനാട്, പട്ടിത്തറ വില്ലേജ് നാഗലശ്ശേരി, കൂട്ടനാട്, ഒറ്റപ്പാലം-679533 കേരളം, (5) പ്രസീദ് പി.കെ., മാടമ്പിയുടെ മകൻ, പരത്തിരി കുന്നത്ത് ഹൗസ്, കൂട്ടനാട്, വട്ടേനാട്, പട്ടിത്തറ വില്ലേജ് നാഗലശ്ശേരി, കൂട്ടനാട്, ഒറ്റപ്പാലം-679533 കേരളം (6) പ്രജിത്ത് പി.കെ., മാടമ്പിയുടെ മകൻ, പരത്തിരി കുന്നത്ത് ഹൗസ്, കൂട്ടനാട്, വട്ടേനാട്, പട്ടിത്തറ വില്ലേജ് നാഗലശ്ശേരി, കൂട്ടനാട്, ഒറ്റപ്പാലം-679533 കേരളം (7) കെ.കെ. പുഷ്പ, പരത്തിരി കുന്നത്ത് ഹൗസ്, കൂട്ടനാട്, വട്ടേനാട്, പട്ടിത്തറ വില്ലേജ് നാഗലശ്ശേരി, കൂട്ടനാട്, പാലക്കാട് ജില്ല, പിൻ -679533 ഒറ്റപ്പാലം-679533 കേരളം (8) സൂപ്പർ ഗ്ലേസ് ഇന്റീരിയർ ഡെക്കർ, സൂപ്പർ ഗ്ലേസ് ഇന്റീരിയർ ഡെക്കർ 12/318,319, കൂട്ടനാട്, വട്ടേനാട്, പട്ടിത്തറ പാലക്കാട് ജില്ല, പിൻ-679533 ഒറ്റപ്പാലം-679533 എന്നിവർക്ക് മെസേഴ്സ് എച്ച്ഡിബി ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡ്, കായംകുളത്തിന്റെ താഴെ ഒപ്പുവച്ചിരിക്കുന്ന അംഗീകൃത ഓഫിസർ 27-05-2026 തിയതി വച്ച് സെക്ഷൻ 13(2) പ്രകാരമുള്ള ഒരു ഡിമാൻഡ് നോട്ടീസ് അയച്ചിരുന്നു. നോട്ടീസിൽ പരാമർശിച്ചിരിക്കുന്ന, ലോൺ അക്കൗണ്ട് നമ്പർ: 8503411 ലെ 27-05-2026ന് നിലവിലുള്ള വായ്പാ കുടിശിക രൂപ.26,95,348.90/- (ഇരുപത്തിയാറ് ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരത്തി മുന്നൂറ്റി നാൽപ്പത്തിയെട്ട് രൂപ മാത്രം) വായ്പ തിരിച്ചടയ്ക്കുന്നതുവരെ തുടർന്ന് കരാർ പ്രകാരമുള്ള പലിശയും ആക്സ്മിക ചെലവുകളും മറ്റു ചെലവുകളും ചാർജുകളും സഹിതം നിശ്ചിത ഡിമാൻഡ് നോട്ടീസ് ലഭിച്ച് 60 ദിവസത്തിനുള്ളിൽ തിരിച്ചടയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട്.

തുക തിരിച്ചടയ്ക്കുന്നതിൽ വായ്പ്പക്കാരൻ/ സഹ-വായ്പ്പക്കാർ/ഗ്യാരന്റർ പരാജയപ്പെട്ടതിനാൽ നിശ്ചിത ആക്റ്റിന്റെ സെക്ഷൻ 13(4) റൂൾ 9 നൽകുന്ന അധികാരം ഉപയോഗിച്ച് 2026 ഓഗസ്റ്റ് 21ന് താഴെ ഒപ്പുവച്ചിരിക്കുന്ന ഉദ്യോഗസ്ഥൻ താഴെ വിവരിക്കുന്ന വസ്തുവിന്റെ പൊസഷൻ ഏറ്റെടുത്തതായി വായ്പ്പക്കാരൻ/ സഹ-വായ്പ്പക്കാർ/ ഗ്യാരന്റർക്കും പൊതുവായി പൊതുജനങ്ങൾക്കും ഇതിനാൽ നോട്ടീസ് നൽകുന്നു.

ഈ വസ്തുവിൽ യാതൊരു വിധത്തിലുള്ള ഇടപാടുകളും നടത്തരുതെന്ന് വായ്പ്പക്കാരൻ/ സഹ-വായ്പ്പക്കാർ/ ഗ്യാരന്റർക്കു പ്രത്യേകിച്ചും പൊതുജനങ്ങൾക്കു പൊതുവായും മുന്നറിയിപ്പു നൽകുന്നു. വസ്തുവിലുള്ള ഏത് ഇടപാടുകളും മെസേഴ്സ് എച്ച്ഡിബി ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡ്, തിരുവനന്തപുരത്തിന്റെ 27-05-2026ലെ കുടിശികത്തുക രൂപ. 26,95,348.90/- (ഇരുപത്തിയാറ് ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരത്തി മുന്നൂറ്റി നാൽപ്പത്തിയെട്ട് രൂപ മാത്രം) യ്ക്കും വായ്പ തിരിച്ചടയ്ക്കുന്നതുവരെ തുടർന്ന് കരാർ പ്രകാരമുള്ള പലിശയ്ക്കും ആക്സ്മിക ചെലവുകൾക്കും മറ്റു ചെലവുകൾക്കും ചാർജുകൾക്കും വിധേയമായിരിക്കും. സെക്യേർഡ് അസറ്റുകൾ തിരിച്ചുപിടിക്കുന്നതിന് ലഭ്യമായ സമയം സംബന്ധിച്ച് നിശ്ചിത ആക്റ്റിലെ സബ്-സെക്ഷൻ (8) ലെ വ്യവസ്ഥകളിലേക്ക് വായ്പ്പക്കാരൻ/ സഹ-വായ്പ്പക്കാർ/ഗ്യാരന്റർ എന്നിവരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

സെക്യേർഡ് പ്രോപ്പർട്ടിയുടെ വിവരങ്ങൾ: പട്ടിത്തറ വില്ലേജിൽ, പട്ടാമ്പി താലൂക്കിൽ സർവേ നമ്പർ 404/2 ൽ ഉൾപ്പെടുന്ന 5.87 ആർസ് വിസ്തീർണമുള്ള വസ്തുവും അതിൽ സ്ഥിതി ചെയ്യുന്ന പട്ടിത്തറ ഗ്രാമപഞ്ചായത്തിലെ വാതിൽ നമ്പർ 12/308 എന്ന കെട്ടിടവും അതിനോടനുബന്ധിച്ചുള്ള എല്ലാ നിർമിതികളും അവകാശങ്ങളും അടക്കം: ആധാര പ്രകാര നമ്പർ 3097/1991 തൃത്താല ഉപ രജിസ്ട്രേഷൻ ജില്ലയിൽ, പാലക്കാട് രജിസ്ട്രേഷൻ ജില്ലയിൽ മാടമ്പിയുടെ പേരിലാണ്. അതിരുകൾ: വടക്ക്: പി.വി. മുഹമ്മദിന്റെ ഉടമസ്ഥതയിലുള്ള വസ്തു, തെക്ക്: നടപ്പാത, കിഴക്ക്: ആധാരപ്രകാരം കെ.ആർ. നാരായണന്റെയും ലൊക്കേഷൻ സ്കെച്ച് പ്രകാരം രമേശ് മുതലായവരുടെയും വസ്തു, പടിഞ്ഞാറ്: എ.വി. ഗോപാലന്റെ ഉടമസ്ഥതയിലുള്ള വസ്തു

തിയതി : 21.08.2026
സ്ഥലം: പട്ടാമ്പി
ഒപ്പ്/- അംഗീകൃത ഉദ്യോഗസ്ഥൻ
എച്ച്ഡിബി ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡിനു വേണ്ടി